DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

14-11-2019

# കാർഷികമേഖലാവാർത്തകൾ

## കൃഷി ശാസ്ത്ര സമീക്ഷ

കേരള കാർഷികസർവ്വകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗം സംഘടിപ്പിക്കുന്ന കൃഷിശാസ്ത്രസമീക്ഷ പരമ്പരയുടെ 18-ാം അദ്ധ്യായം 2019 നവംബർ 29, 30 തീയ്യതികളിൽ മണ്ണൂത്തി ആറ്റിക്കിൽ വച്ചു നടക്കും. 'ഫാം ടൂറിസം കാർഷിക വളർച്ചയ്ക്ക്' എന്ന വിഷയത്തിൽ പ്രമുഖ ശാസ്ത്രജ്ഞരുടെ പ്രഭാഷണങ്ങൾ ഈ അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. തപാൽ/ഫോൺ/ഇമെയിൽ വഴിയോ, നേരിട്ടോ രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ നാൽപ്പത് പേർക്കാണ് അവസരം ലഭിക്കുക. രജിസ്ട്രേഷൻ സൗജന്യമായിരിക്കും. രജിസ്ട്രേഷനു വേണ്ടി ബന്ധപ്പെടേണ്ട വിലാസം: പ്രൊഫസർ & ഹെഡ്, സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കേരള കാർഷികസർവ്വകലാശാല, മണ്ണൂത്തി പി.ഒ., തൃശൂർ 680651. ഇമെയിൽ tci@kau.in ഫോൺ നമ്പർ : 0487 2371104, 8111844463.

## പരിശീലനം

ക്ഷീരവികസനവകുപ്പിന്റെ കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 10 ദിവസത്തെ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി ഈ മാസം 18 മുതൽ 28 വരെയുള്ള തീയതികളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ കോട്ടയം ഈരയിൽ കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്.

രജിസ്ട്രേഷൻ ഫീസ് 135 രൂപ. താല്പര്യമുള്ള കർഷകർ ഈ മാസം 17 ന് മുമ്പായി 0481-2302223 എന്ന നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിലെ പ്രിൻസിപ്പാൾ അറിയിച്ചു.

## ഫാം ഇൻഫർമേഷൻ ബ്യൂറോ വിവിധ മത്സരങ്ങൾക്കായി എൻട്രികൾ ക്ഷണിക്കുന്ന അവസാന തീയതി ഈ മാസം 30 വരെ നീട്ടി

കൃഷിവകുപ്പിന്റെ **ഫാം ഇൻഫർമേഷൻ ബ്യൂറോ ലേഖനരചന, ചെറുകഥാരചന, വീഡിയോ, ഫോട്ടോഗ്രാഫി മത്സരങ്ങൾക്കായുള്ള എൻട്രികൾ ക്ഷണിക്കുന്ന അവസാന തീയതി ഈ മാസം** 30 വരെ നീട്ടിയതായി ഫാം ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു. **ടി.വി.ചാനൽ, അമച്വർ വിഭാഗത്തിലായി 'മണ്ണിൽ തളിരിട്ട ജീവിതങ്ങൾ'** എന്ന വിഷയത്തിൽ **ഡിജിറ്റൽ വീഡിയോ മത്സരം 2019-ഉം 'കൃഷിയിലെ വേറിട്ട കാഴ്ചകൾ'** എന്ന വിഷയത്തിൽ **ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരവും (പൊതുവിഭാഗം) സംഘടിപ്പിക്കുന്നു.** **കൂടാതെ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം കുട്ടികൾക്കായി 'കാലാവസ്ഥ വ്യതിയാനവും പ്രത്യാഘാതങ്ങളും'** എന്ന വിഷയത്തിൽ **കാർഷിക ലേഖനരചനാ മത്സരവും 'ഭക്ഷണ സംസ്കാരവും കൃഷിയും'** എന്ന വിഷയത്തിൽ **കാർഷിക ചെറുകഥാരചനാ മത്സരവും സംഘടിപ്പിക്കുന്നു.** എൻട്രികൾ എഡിറ്റർ, കേരളകർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ പി.ഒ തിരുവനന്തപുരം 695003 എന്ന വിലാസത്തിലോ ഹാർഡ്

ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ, fibshortfilmcontest@gmail.com എന്ന ഇ-മെയിലിലോ, ഗൂഗിൾ ഡ്രൈവ്, 9809278052 എന്ന വാട്ട്സപ്പ് നമ്പറിലോ, fib video contest,fib kerala എന്ന ഫേസ്ബുക്ക് പേജിൽ messenger വഴിയോ അയക്കാം. **കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 0471 – 2314358**

## പരിശീലനം

ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ചു വരുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 18,19,21,22 തീയതികളിൽ മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുള്ള കർഷകർ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുമായി ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0479–2457778 എന്ന നമ്പരിൽ ബന്ധപ്പെടുക.

## അറയിപ്പ്

ക്ഷീരവികസന വകുപ്പിന്റെ 2019–20 വർഷത്തെ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമ പഞ്ചായത്തിനെ ക്ഷീര ഗാമം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. കറവപ്പശു, കാലിത്തൊഴുത്ത് നിർമ്മാണം, ആവശ്യാധിഷ്ഠിത ധനസഹായം തുടങ്ങി വിവിധ ഘടകങ്ങളിലായി 50 ലക്ഷം രൂപയുടെ ക്ഷീരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആവശ്യമുള്ള വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ കർഷകർ പഞ്ചായത്തിലെ കാരോട്, വിളപ്പിൽ, മൈലാടി ക്ഷീര സംഘത്തിലോ മലയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന ഓഫീസിലോ, വിളപ്പിൽ ഗ്രാമപഞ്ചായത്തിലോ നിശ്ചിത മാതൃകയിലുള്ള

അപേക്ഷകൾ ഈ മാസം 22 -ാം തീയതി 5 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ബാങ്ക് പാസ്ബുക്ക്, കരം തീർത്തരസീത്, റേഷൻകാർഡ് എന്നിവയുടെ പകർപ്പും ഉൾപ്പെടുത്തേണ്ടതാണെന്ന് ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.